# സർഗം 24

## G L V H S KADAPPA MYNAGAPALLY



2023-2024

## ആശംസ

മാനുഷിക മൂല്യങ്ങളോടൊപ്പം വിവര സാങ്കേതിക വിദ്യയിലും മികച്ച നിലവാരം പുലർത്തുന്ന ഒരു തലമുറയെ വളർത്തിയെടുക്കുന്നതിൽ പൊതുവിദ്യാലയങ്ങൾ എന്നും മുന്നിൽ തന്നെ ആണ്. വിദ്യാർത്ഥികളുടെ സർഗസൃഷ്ടികൾ കോർത്തിണക്കി തയ്യാറാക്കിയ സർഗം 24 എന്ന ഡിജിറ്റൽ മാഗസിൻ ഇതിനു ഉദാഹരണം ആണ്. സാഹിത്യത്തിന്റെയും സാങ്കേതികത്വത്തിന്റെയും സമന്വയം ദൃശ്യമാകുന്ന ഇത്തരം സൃഷ്ടികൾ സ്കൂളിന്റെ മുഖമുദ്രയാണ്. ജീവിത മൂല്യങ്ങളെ പിടിച്ചുയർത്തുന്ന ഇത്തരം സൃഷ്ടികൾ ഇനിയും ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.

HM
Ansar.A



# ആശംസ

കുട്ടികളിൽ മൂല്യങ്ങൾ വളരുന്ന തരത്തിൽ അറിവിന്റെ

വാകൃയാനങ്ങൾ തുറന്നിടുന്ന സ്രോതസ്സാകണം വിദ്യാലയം

ഭാവിയുടെ വാക്ദാനങ്ങൾ ആയ കുട്ടികളുടെ സർഗാതമകം

പരിപോഷിക്കുന്നതിനനൂതന

സാങ്കേതികവിദ്യ ഫലപ്രദമാണ്

വിജ്ഞാനം വിരൽത്തുമ്പിൽ'എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ

ഈ കാലഘട്ടത്തിൽകുട്ടികളുടെ അഭിരുചിയ്ക്ക് അനുസരിച്ച

സ്കൂളുകൾ മാറിയിരിക്കുന്നു എൽ വി എച് എസ് ലെ എക്കാലത്തെയും

അറിവിന്റെ നിറകുടങ്ങളായി പരിലസിക്കുവാൻ പര്യാപ്തമായ

എൽ പി വിഭാഗം മുതൽ ഹൈസ്കൂൾ വിഭാഗം വരെയുള്ള

കൊച്ചുകുരുന്നുകളുടെ സർഗാത്മക ധ്വനി എക്കാലത്തും

മുഴങ്ങട്ടെ ..........................

Senior Assistant

Geethakumari

# EDITORIAL BOARD

Chief editor : Ansar A (HM)

Sub editors : Leena C J
Rajalekshmi R
(Kite

Student editors : Abhinav G
Midhun M R
Sumi Subhash
Sulthana A

# ഉള്ളടക്കം

1. മർത്യന്റെ നിലവിളി ………………………………………..6
2. Sun and Moon ……………………………………. …….7
3. AI ……………………………………………….. …...8
4 മായക്കാഴ്ചകൾ ………………………………………... .9
5. How did I find my house ……………………………….11
6. രാവ് ……………………………………………………… 12
7. My sweet grantmother ………………………………….13
8. Hindi poem(പക്ഷി )……………………………… …. 14
9. Lovely Women ………………………………………….15
10. ഡിജിറ്റൽ പെയിന്റിങ് ………………………………….16
11. വിലപിടിപ്പുള്ള നിധി …………………………….. …..17
12. My motivator …………………………………………..18
13. Photos ……………………………………………….20
14. ഉറങ്ങാൻ കഴിയാതെ …………………………………. 21
15. LK Activities …………………………… …………… 22
16. Celebration………………………………………….. 23
17. Annual day celebration ……………………………….. 24
18 ജോമെട്രിക്കൽ ചാർട്ട് …………………………………25
19 സോപ്പ് നിർമാണം ………………………………………. 26
20. I fell in love ………………………………….. …… 27
21. സ്നേഹമെന്ന വാക്കിനപ്പുറം …………………………….28
22. മൃഗം ……………………………………………………..29
23. പുഴ എന്ന ജീവൻ ……………………………………. …30
24. ഡിജിറ്റൽ പോസ്റ്റർ ………………………………….. …...31
25. ഒരിക്കൽ കൂടി ………………………………….. ……32
26. എങ്ങുപോയി തണൽ മരങ്ങൾ ………………………..33
27. കുതിരയും കഴുതയും ………………………………….34
28. ഫ്രീഡം ഫെസ്റ്റ് ………………………………………… 35
29. ശക്തിയേക്കാൾ വലുത്……………………………….. …...36
30 പഴഞ്ചൊല്ലുകൾ ……………………………………………37
31. Mystery of space ………………………………………...38
32 ചിത്രം ………………………………………………………...39
33 Funny multiplication …………………………………..40
34. FRIEDSHIP …………………………………….. ……....41
35. ചെറുമകൾ ……………………………………………………42

# മർത്യന്റെ നിലവിളി..!

മർത്യനായി പിറന്നയിയൂഴിയെപ്പഴോ - പോർക്കളമായി തീർന്നീടുമ്പോൾ ;അനേകായിരം ജീവനകളിന്ന്
പോരടിച്ചു മരണ മടയുമ്പോൾ.. രാജ്യങ്ങൾ യുദ്ധദാഹത്തിലെരിയുമ്പോൾ
രക്തസാക്ഷികളനേകമായി തീർന്നീടുന്നു...!
ആരുമില്ലിൻ മർത്യന്റെ നിലവിളിയറിയുവാൻ. പോർക്കളത്തിൽ അറിയാതകപ്പെടുമ്പോൾ -
പിന്നീടവർ ഭിത്തികളിലൊരു ചിത്രമായിടുന്നു.
തൻ സ്നേഹമുടമകളിൻ നേത്രങ്ങൾ വർഷമാകുമ്പോൾ ;ചുണ്ടുകൾ
വിതുമ്പുമ്പോൾ ;മനസ്സിൻ തിരമാലയലയടിക്കുമ്പോൾ ;കണ്ണീർതുള്ളികൾ ചോരയായി തീർന്നിടുമ്പോൾ...
എങ്ങു സഹിക്കുമീ രക്തബന്ധുക്കൾ.. !
ഓരോ രാജ്യവുമന്യോന്യം പോരാളിയാകുമ്പോൾ- മരണമടയുന്നതീ മർത്യനല്ലേ...?
സമാധാനതിൻ വിത്തുകൾ പാകാനിനിയൊരു -ഗാന്ധികൂടി പിറക്കേണ്ടിയിരിക്കുന്നു....
മാനസത്തിൻ അന്തകാരമായിടുമീ മർത്യൻ -
പ്രാണവേദനയറിയാതെ ;നിലവിളി കേൾക്കാതെ...
ഉയരുകയാണി നിലവിളി... !
യുദ്ധം രൂക്ഷമായി തീർന്നിടുമ്പോൾ -
മർത്യന്റെ നിലവിളിയാരു കേൾക്കാൻ...??

-ഫർഹാന. എ



## Sun and moon



Oh! Sun and Moon,
You are my friends,
I love you both,
You gives me all I want.

Sun makes me strong and warm,
You brings light to day,
You bring strength to me,
Sun light the day for all.

Moon is soft and cool,
You give me peace and rest,
Moon brings light to night,
You shines at night with a smile.

The sun is full of life,
The moon is full of peace,
I love you both,
Together they give us light.

By
HARI K MENON
7thB



# ARTIFICIAL INTELLIGENCE

Artificial intelligence is a big world of technology. We can create so many things using artificial intelligence (AI). We can create good videos of humans in good quality using AI. We can create human robots, Artificial Humanoids and many artificial objects in this world using the technology artificial intelligence. Its a super world technology. It can be used for good things. But new generation children use AI for bad things. Its not good for our country. AI is a good technology. But some guys use it very badly. So don,t do it. AI is used for so many good things. We can make AI robots and artificial brains and it can be used for good things. AI technology is a wonderful technology. AI is now in India. I had only seen AI on English superhero movies like avengers and black panther. There are so many branches of artificial intelligence in English companies and the English countries. They use it for good videos. They use AI for good ideas. They use so many good things and they can make good and super machines.

Saurav R P
8D



# മായക്കാഴ്ചകൾ

പണ്ട് പണ്ട് നൂറ്റാണ്ടുകൾക്കുമുമ്പ് ഒരു രാജ്യത്ത് യുദ്ധം നടക്കുന്നുണ്ടായിരുന്നു .അതിനടുത്തായി ഒരു ശാസ്ത്രജ്ഞന്റെ വീടുണ്ടായിരുന്നു. അദ്ദേഹം അവിടെ എങ്ങനെ ജീവനില്ലാത്ത വസ്തുക്കൾക്ക് ജീവൻ നൽകാം എന്ന പരീക്ഷണം നടത്തുകയായിരുന്നു.ആ പരീക്ഷണം ദിവസങ്ങളുടെ കഠിനാധ്വാനത്താൽ വിജയിച്ചു . രാത്രിയായായിരുന്നു ആ സമയം . അതിനാൽ അദ്ദേഹം രാവിലെ എല്ലാവരേയും തന്റെ പരീക്ഷണം പരിചയപ്പെടുത്താം എന്ന് കരുതി ഉറങ്ങാൻപോയി . പക്ഷേ ആ രാജ്യത്ത് യുദ്ധം അവസാനിച്ചില്ലായിരുന്നു . യുദ്ധത്തിനിടത്തിനിടയിൽ ഒരു സ്ഫോടകവസ്തു ശാസ്ത്രജ്ഞന്റെ വീട്ടിലേക്കുവീണ് വീട് തകർന്ന്,പരീക്ഷണവസ്തു വീടിനടുത്തുള്ള ഒരു ചെറിയ പാറകഷ്ണത്തിനുമുകളിലേക്ക്വീണു. അടുത്തവീട്ടിലെ ആളുകൾ ശബ്ദംകേട്ട് ഓടിവന്നു ശാസ്ത്രജ്ഞനെ ഹോസ്പിറ്റലിലെത്തിച്ചു. പക്ഷേ അദ്ദേഹം മരിച്ചു .മറുവശത്ത് ശാസ്ത്രജ്ഞന്റെ പരീക്ഷണം കാരണം പാറക്ക് ജീവൻവന്നു . അതുപോലെ ആ പാറക്കു ജീവൻ വച്ചതിന് ശേഷമാണ് ജീവൻ വച്ച പാറയുടെ അടുത്തുള്ള വസ്തുക്കൾക്കും ജീവൻ കിട്ടുമെന്നും അടുത്തുനിന്നുമാറിയാൽ ജീവൻ നഷ്ടമാകുമെന്നും അറിയുന്നത് പാറ സംസാരിക്കുന്നത് മനുഷ്യർക്ക് കേൾക്കില്ല . അതു കൊണ്ടു തന്നെ ജീവൻവച്ച പാറയുടെ അടുത്തുള്ള ഒരു പാറകഷ്ണത്തിനും ജീവൻകിട്ടി . സംസാരിച്ചു സംസാരിച്ചു അവർ ഉറ്റ ചങ്ങാതിമാരായി . അതിനു ശേഷം രാത്രി ആയതിനാൽ അവർ ഉറങ്ങി . രാവിലെ ആയപ്പോഴക്കും യുദ്ധം അവസാനിച്ചു ആ രാജ്യം മുഴുവൻ മറുരാജ്യം കീഴടക്കുകയും ചെയ്തു . പിടിച്ചടക്കിയ അഹങ്കാരത്തിൽ ആ രാജ്യത്തിലെ ജനങ്ങളെ ക്വാറിയിലേക്ക് ജോലി ചെയ്യാൻ നിയോഗിച്ചു. ആദ്യം പറ്റില്ലാന്നുജനങ്ങൾ പറഞ്ഞു എങ്കിലും അവരെ തല്ലി പണിയെടുപ്പിച്ചു . ഇതെല്ലാം കണ്ടുകൊണ്ടിരിക്കുകയായിരുന്നു പാറകൾ അതിൽ ഒരു പാറ പറഞ്ഞു നമുക്കുമാത്രമല്ല ഇവർക്കും കഷ്ടപ്പാടാണ് . ഞാൻ വിചാരിച്ചു നമുക്ക് മാത്രമേ കഷ്ടപാടുള്ളു എന്ന് . രണ്ടാമത്തെ പാറപറഞ്ഞു . എല്ലാവർക്കും കഷ്ടപ്പാട് ഉണ്ട് ആരും അത് പറയുകയും കാണിക്കുകയും ഇല്ല . ഈ സംഭഷണം കഴിഞ്ഞപ്പോൾ പെട്ടെന്നു ഒരു ജോലിക്കാരൻ ജോലി ചെയ്യുന്നതിനിടയിൽ ആ പാറകളെ ചവുട്ടി . പാറക്കും ആ മനുഷ്യനും നൊന്തു കരഞ്ഞു. ആ ജോലിക്കാരൻ പാറകളെ രണ്ടു വശത്തായി എറിഞ്ഞു. ഒരു പാറയുടെ ജീവൻ നഷ്ടപ്പെടുകയും നമ്മുടെ നായകൻ പാറ ഒരു വിജനമായ സ്ഥലത്ത് വീഴുകയും ചെയ്തു. ദിവസങ്ങൾകഴിഞ്ഞുപാറ തന്റെ ഉറ്റ ചങ്ങാതിയെ നഷ്ടപ്പെട്ടതിന്റെ വിഷമത്തിലാണ് . അപ്പോൾ ഒരു കുട്ടി അവിടെ കടന്നുവന്ന് ഒരു മാവിൻ തൈ നട്ടു . പാറയുടെ അടുത്തായതിനാൽ ആ മാവിൻ തൈക്കും ജീവൻവച്ചു .

തന്നേക്കാൾ നീളമുള്ള ഒന്നായതിനാൽ പാറക്കു പേടിയായിരുന്നുയെങ്കിലും പിന്നെ പിന്നെ മാവിൻതൈ പാറയുമാ യി മിണ്ടാൻ തുടങ്ങി . അവർ പിന്നെ ഉറ്റ ചങ്ങാതിമാരായി . പാറ തന്നെ കുറിച്ചുള്ള എല്ല കാര്യങ്ങളും പറഞ്ഞുതന്റെ പണ്ടത്തെ കൂട്ടുകാരനെ പറ്റിയും . മാവിൻ തൈയും അതുപോലെ തന്റെ ജീവിതത്തിൽ അതുവരെ നടന്ന കാര്യം പറഞ്ഞു. വീണ്ടും ഒരുപാടു വർഷങ്ങൾ കടന്നുപോയി . മാവ് വളർന്നു പല മാറ്റങ്ങളും  വന്നു . മരത്തിനു മുകളിൽ പലതരം കിളികൾ കൂടുവച്ചു . അവിടെ ആ ഒരു മരം മാത്രമേ ഉണ്ടായിരുന്നുള്ളു . ബാക്കിയുള്ളവ മുറിച്ചു മാറ്റി . അതുവഴിപോകുന്നവർക്കു തണൽനൽകുന്നത് ആ മരമായിരുന്നു . പോകുന്നവർ അവിടെ നിന്ന് ഫലങ്ങൾ പറിക്കുമായിരുന്നു . ഇതെല്ലാം കാണുമ്പോൾ ആ മരത്തിനും പാറക്കും സന്തോഷം ഉണ്ടായിരുന്നു . എന്നാൽ ആ സന്തോഷം അധികം നീണ്ടുനിന്നില്ല . സർക്കാർ ആ മരം മുറിക്കാൻ തീരുമാനിച്ചു . ആ മരം അവർ മുറിച്ചുകൊണ്ടിരിക്കുമ്പോൾ മരം കരയാൻ തുടങ്ങി .കിളികൾ രക്ഷപെടാൻ പറന്നുപോകുകയും ചെയ്തു .സങ്കടം നിറഞ്ഞകാരണത്താൽ പാറ കരയുകയും ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് ഞാൻ ഒരു ശബ്ദം കേട്ടത്  കണ്ണാ കണ്ണാ എന്നു 'അമ്മ വിളിക്കുന്നു . ഞാൻ ഞെട്ടി ഉണർന്നു . അപ്പോൾ എനിക്ക് മനസിലായത് ഞാൻ കണ്ടത് സ്വപ്നം ആണ് എന്ന് . ഞാൻ ആ സ്വപ്നം എല്ലാവരോടും പങ്കുവച്ചു . ആ സമയത്ത്ഭയങ്കര സന്തോഷമായിരുന്നു എനിക്ക് .

**അശ്വിൻ കൃഷ്ണൻ .കെ**

8A











# രാവ്

സായന്തനത്തിന്റെ സാനുവിലെവിടെയോ
സൂര്യന്റെ തിരിനാളം താണ്ണു .
പകലിന്റെ നടനം കഴിഞ്ഞിട്ടു വീണ്ടും
മിരുളിന്റെ യവനിക  വീണു .
രാവിന്റേയേതോ കാണാശിഖരത്തിൽ
താരകപ്പൂക്കൾ വിരിഞ്ഞു .
പാൽനിലാവമൃത ചഷകവുമായൊരു
പാർവണചന്ദ്രനുദിച്ചുയർന്നു .
നിദ്രതൻ ചിറകിനാൽ ഭൂമിയെ തഴുകുവാൻ
മാലാഖമാരിറങ്ങി വന്നു.
നിശയുടെ തേരിനുതാലമൊരുക്കുവാൻ
നിശാഗന്ധിപ്പൂക്കൾ വിരിഞ്ഞു .



ജഹാൻ അൻസാർ
8c

# MY SWEET GRAND MOTHER

Grand Mother,Grand Mother
MY Sweet Grand Mother
You are my best
you are my sweet
Grand mother, grand mother, my dear grand mother
I love my grand mother
I care;   my grand mother

My grand mother tells many stories and
My grand mother sings beautiful songs
And my grand mother tells fairy tales
Oh! grand mother, my grand mother
My best grand mother ever.

Arya Nanda s
8D






# पंछी

--------&&----------&&--------

पंछी उड़ते हैं एक साथ,
एक साथ पेड़ों पर बैठते हैं,
मीठी मीठी आवाज़ से
गाते हैं एक साथ,
एक साथ खाते हैं वे सब।




सिखाते हैं उन्हें उड़ने को,
एक डाली से दूसरी डाली तक,
दूर दूर जाकर लाते हैं,
देते हैं अपने प्यारे बच्चों को खाना।
प्यारे बच्चे खुशी से खायेंगे।।



हरि के मेनोन

७ बी

# LOVELY WOMEN

There is a women
with lots of love
I can feel
her eyes
The black eyes that are shining
to see us
she is old
but strong
she gives me advices
that is the knowledge from great experiences
she is ready to convey my ideas
and some times
she saves me from Mom’s fury
she joins me in my craziness
I tell her about my school
and she also tells her school memories
Oh! that was so interesting
to hear about old culture
that tells the truth
that tells the needs
that tells the progress
Her heart is pure as gold
Now,this is all she is
who is she?
No doubt
It’s my Grandma!!
Not only mine,but everyone
ever loving Grandma



Shakti Shalini. A.S
9D



# DIGITAL PAINTING










Avinash
8D

# വിലപിടിപ്പുള്ള നിധി

ഒരിടത്തു ഒരിടത്തു ഒരു ഗ്രാമത്തിൽ ഒരു അച്ഛനും അമ്മയും ഉണ്ടായിരുന്നു .അവർ വളരെ സന്തോഷത്തോടെ ജീവിക്കുകയായിരുന്നു. അങ്ങനെ അവർക്കൊരു കുട്ടിയും പിറന്നു. കുട്ടിയുടെ എപ്പോഴുമുള്ള കരച്ചിലും ബഹളവും അവർക്കു ദേഷ്യവും കുട്ടിയോട് വെറുപ്പും തോന്നിപ്പിച്ചു. അങ്ങനെ ഒരു ദിവസം 'അമ്മ അച്ഛനോട് പറഞ്ഞു "നമുക്ക് ഈ കുഞ്ഞിനെ കൊണ്ട് കളഞ്ഞാലോ?" അച്ഛൻ പറഞ്ഞു "ശെരി ഈ കുഞ്ഞിനെ നമുക്ക് കൊണ്ട് കളയാം." അവർ അങ്ങനെ രാത്രിയാവാൻ കാത്തിരുന്നു. അങ്ങനെ രാത്രി കുഞ്ഞിനേയും എടുത്തുകൊണ്ട് ഇറങ്ങി . എല്ലാവരും ഉറങ്ങുന്ന സമയം അങ്ങനെ അവർ ഒരു കാട്ടിലെത്തി. അവർ കുട്ടിയെ കാട്ടിൽ ഉപേക്ഷിച്ച് വീട്ടിലേക്കു മടങ്ങി. വർഷങ്ങൾ കുറെ കഴിഞ്ഞു, എന്നിട്ടും അവർക്കു പിന്നീട് ഒരു കുട്ടി പിറന്നില്ല. അവർ രണ്ടു പേരും പ്രായം ചെന്ന്. അച്ഛൻ രോഗം പിടിച്ച കിടപ്പിൽ ആയി. അദ്ദേഹം താമസിക്കാതെ മരണപ്പെട്ടു. 'അമ്മ ഒറ്റക്കായി . അയൽ വീട്ടുകാരുടെ വീട്ടിൽ എല്ലാം കുട്ടികളുടെ ബഹളവും കളിയും ചിരിയും കേൾക്കുന്നു. അയലത്തെ വീട്ടിലെ പ്രായമായ അമ്മയെയും മക്കളും കൊച്ചുമക്കളും ചേർന്നു സ്നേഹിക്കുകയും പരിചരിക്കുകയും ചെയ്യുന്നു. ഇത് കണ്ടു അവർക്കു സങ്കടം തോന്നി. അവർക്ക് അപ്പോൾ ആണ് മനസിലായത് ദൈവം അവർക്കു കൊടുത്തത് വെറും കുട്ടി ആയിരുന്നില്ല . പകരം ഒരു നിധി ആയിരുന്നു എന്ന് .ഒറ്റക്കുള്ള ജീവിതത്തിലൂടെ അവർ ഭ്രാന്തി ആയി മാറി . ദൈവം തന്ന വിലപിടിപ്പുള്ള സമ്മാനമാണ് നമ്മുടെ മക്കൾ. അവരെ വിലപിടിപ്പുള്ളതായി മാറ്റാൻ മാതാ പിതാക്കൾക്ക് കഴിയണം.



# MY MOTIVATOR

An aged lady
who goes very far from me.

When she loves
I hate her.
When I love her
she goes far from me

I am mad
When
I lost her.
She got lots of love
When she was dead

She was a good person,
With a good sense of humour.

Her eye glass was clear as glass
Her hands were very soft
And skin  sagging
And dangling downwards.

When I dance or sing
she clap in admiration

She tells beautiful stories
when I go to bed
She makes very tasty food
With the soft and shiveringarms.

She can’t run or walk
because  her old legs are weak
Her eyesight fading

One day she slip
and she cant walk
with out help

I helped,
but she cant wake up from bed.
And One day
she closed her eyes forever.

She was an angel
because she prayed for me
she loves me
And she had a big dreams about me

I love her so much.
She weeps when I am sad
When I lost her
I fixed my grandmother’s
dream.



ALIYA SAHEER
X.c



# Little kites
# 8,9 and 10



VIII



IX



X



GUIDE UNIT



JRC UNIT

## ഉറങ്ങാൻ കഴിയാതെ

ചെറുകഥ -
ഒരിക്കൽ - ഒരാൾ ഒരു മനോരോഗ വിദഗ്ദനെ കാണാനെത്തി. എനിക്കുറങ്ങാൻ കഴിയുന്നില്ല.- എന്താണ് പ്രശ്നം? ഞാൻ കട്ടിലിൽ കിടക്കുമ്പോൾ അടിയിൽ ആരോ ഉണ്ടെന്നു തോന്നും - ഇറങ്ങി നോക്കുമ്പോൾ ആരുമില്ല. വീണ്ടും കട്ടിലിൽ കിടക്കും. അപ്പോഴും ഇതാവർത്തിച്ചു കൊണ്ടേയിരിക്കും' അപ്പോൾ ഞാൻ കട്ടിലിനടിയിൽ കിടക്കാൻ തുടങ്ങി. അപ്പോൾ കട്ടിലിൽ ആരോ ഉണ്ടെന്നു തോന്നും അതാണെൻ്റെ പ്രശ്നം. ഇതൊരു ഗുരുതരമായ മാനസിക പ്രശ്നമാണ്. 6 മാസത്തെ ചികിൽസ ആവശ്യമാണ്. ആഴ്ചയിൽ ഒരു തവണ നിങ്ങൾ എന്നെ വന്നു കാണണം. ഓരോ ആഴ്ച വരുമ്പോഴും 500 രൂപ ഫീസ് തരികയും വേണം' എന്നാൽ രോഗി- പിന്നീട് ഡോക്ടറെ കാണാനേ എത്തിയില്ല- ഒരിക്കൽ സിറ്റി യിലെ ഒരു ഹോട്ടലിൽ രണ്ടു പേരും തമ്മിൽ കണ്ടുമുട്ടിയപ്പോൾ ഡോക്ടർ ചോദിച്ചു. ഇപ്പോൾ നിങ്ങളുടെ രോഗാവസ്ഥ എങ്ങനുണ്ട്? രോഗം ഭേദമായി. അതെയോ?ആരാണ് ചികിൽസിച്ചത്? ഒരു ആശാരി. - ആഹാ - കൊള്ളാലോ? മനോരോഗ വിദഗ്ധനായ ആശാരിയോ? അയാൾ ഫീസ് എത്ര വാങ്ങി? - ആകെ 100 രൂപ - എന്ത് ചികിൽസയാണ് നൽകിയത്? അയാൾ കട്ടിലിൻ്റെ കാലുകൾ മുറിച്ചുകളഞ്ഞു. _
ഗുണപാഠം - പലപ്പോഴും നമ്മുടെ പ്രശ്നങ്ങൾ കട്ടിൽക്കാലുകൾ പോലെ നിസാരമായി മുറിച്ചുമാറ്റാവുന്നതേയുള്ളൂ. -

Parable Story -
സമ്പാദകൻ

റ്റി.കെ.ജി. തരകൻ
മാതൃഭാഷാധ്യാപകൻ
എച്ച്.എസ്.വിഭാഗം
ഗവ: സ്കൂൾ - കടപ്പ_ മൈനാഗപ്പള്ളി.
20/2/2024



# LK Activities









BMI





# ONAM AND CHRISTMAS CELEBRATION











# Annual celebration



















# Geometrical chart







Rahul
8B



# കറ്റാർവാഴ സോപ്പ് നിർമ്മിക്കാം


ആവശ്യമുള്ളവസ്തുക്കൾ : 5കറ്റാർവാഴതണ്ട് , ഒരു കട്ട ബെയ്സ്സോപ്പ് , രണ്ടുപാത്രം , വെള്ളം , ഫുഡ് കളർ

നിർമ്മിക്കേണ്ടരീതി :

കറ്റാർവാഴയുടെ മുറിച്ച ഭാഗം വെള്ളത്തിൽ 30 മിനിട്ടു വെക്കണം അതുകഴിഞ്ഞു അതിന്റെ മുള്ളുകളഞ്ഞു അതിനകത്തെ ജെൽ എടുക്കുക. ആ ജെൽ നന്നായി അരക്കുക .സോപ്പ് ബെയ്സ് ചെറുതായി അറിഞ്ഞു വെക്കുക .ഒരു പാത്രത്തിൽ വെള്ളം എടുത്ത് ചൂടാക്കുക. രണ്ടാമത്തെ പാത്രത്തിൽ സോപ്പ് ബെയ്സ് എടുത്ത് ചുടായെവള്ളത്തിൽ വച്ചു മെൽറ്റുചെയുക .അതിൽ കറ്റാർവാഴ ചേർക്കുക നന്നായി ഇളക്കുക അതിൽ ഒരു സ്പൂൺ ഫുഡ് കളർ ചേർത്തുനന്നായി ഇളക്കുക. മോൾഡിൽ ഓയിൽ തുത്ത് അതിൽ ലായനി ഒഴിച്ച് 3 മണിക്കൂർ കഴിഞ്ഞു ഉപയോഗിക്കാം. സോപ്പ് റെഡി

Abhinav. G
9D





# I FELL IN LOVE

I FELL IN LOVE
BETWEEN IN THE STARS AND MOONS
I CAN BRING THE WORLD FOR YOU
AND I JUST WANT YOU TO COME IN MY DREAMS

I HEARD FOR FOR YOU AND I........
BECOME THE STARS ON THE SKY FOR YOU
PLEASE YOU GIVE SOME BRIGHTNESS OF MOON IN
MY LIFE

I WANT YOU KNOW
I CAN DO ANYTHING FOR YOU
I HOPE WE WILL MEET IN THE SKY
THEY WERE BLESSES YOU AND ME

I FORGET ALL ABOUT IT
WHEN I SEE YOUR SMILE
FEELING LIKE YOU’RE INTO ME
IAM WAITING THAT MOMENT

BY

SULTHANA
[9D]



'                    **സ്നേഹമെന്നവാക്കിന്നപ്പു'റം**

**.......................................!**

**'സഹോദരസ്നേഹം' ഇല്ലാതാകുന്ന ഈ ആധുനിക കാലഘട്ടത്തിൽ  ആണ് ഞാൻ ഇപ്പോൾ ജീവിക്കുന്നത്. കോപം കൊണ്ട് എല്ലാറ്റിനെയും തകർത്തതു കൊണ്ട് ഈ ലോകത്ത് എന്തു നേടാൻ കഴിയുമെന്നതിൽ എനിക്ക് ഉത്തരമുണ്ട് കുറെ വെറുപ്പ് സമ്പാദിക്കാം. പക്ഷെ  ആധുനിക തലമുറകൾ  ഇതിനെല്ലാം നോക്കികാണുന്നതു എന്നതിന് തെളിവാണ് ഈ കഥ.**

**2022 ഫെബ്രുവരി മാസം 12നാണു എന്നെ ഏറെ ചിന്തിപ്പിച്ച ആ സംഭവം ഉണ്ടായതു. ഇതൊക്കെ വായിക്കുമ്പോൾ നിങ്ങൾക് തോന്നും ഇതൊരു അനുഭവക്കുറിപ്പാണെന്ന്, പക്ഷെ, ഇതു വായിച്ചു കഴിയുമ്പോൾ നിങ്ങളിൽ ഒരു തോന്നലുണ്ടാകും ഇതു മനസിലാക്കാൻ വൈകിപോയി ഇതു എത്രയോ നേരത്തെ വായിക്കേണ്ടിയിരുന്നു....!**

**ഞാൻ മുറ്റത്തുനിന്ന് ഇറങ്ങി പുറത്തേക്ക് നോക്കി. ഒരു വീട്ടിൽ ഒരു കുഞ്ഞു ചേട്ടനും അനിയത്തിയും സന്തോഷത്തോടെ ഇരുന്ന് കളിക്കുന്നു. ഒരു ചേട്ടന്റെ കടമ അവൻ നിർവഹിക്കുന്നു. അതു കണ്ടപ്പോൾ എന്റെ മനസ്സ് സന്തോഷം കൊണ്ട് നിറഞ്ഞു.**

**അതുകഴിഞ്ഞു ഞാൻ അടുത്ത വീട്ടിൽ നോക്കി, അവിടെ എനിക്ക് കാണാൻ സാധിച്ചതു,ഒരു മുതിർന്ന ചേട്ടനും ചേച്ചിയും വഴക്കിടുന്നു. ആ ചേട്ടൻ കള്ളുകുടിച്ചിട്ടുണ്ട് ആ ചേച്ചിയെ നന്നായി അടിക്കുന്നു ആ ചേട്ടൻ...... കഷ്ട്ടം!**

**ഈ രണ്ടു സന്ദർഭവും നിങ്ങൾ നോക്കിയാൽ മനസിലാകും  'സ്നേഹമെന്ന വാക്കിന്നപ്പുറം'**

**ബാല്യവും. ദേഷ്യവും, സഹോദരസ്നേഹമില്ലായ്മ എന്നതു കൗമാരവുമാണ്. ബാല്യത്തിൽ നിന്നാണ് കൗമാരത്തിലേക്ക് എത്തുന്നതും എന്നു ഓർക്കുക. ഇങ്ങനെയുള്ള സമൂഹത്തെ മറികടക്കാൻ  ഈ കഥയ്ക്കു കഴിയുമോ എന്നു ഉറപ്പില്ലെങ്കിലും, എനിക്ക് വിശ്വാസമുണ്ട് ഇതു നിങ്ങളെ ഏറെ ചിന്തിപ്പിക്കും........!**

**സഹോദര സ്നേഹം ഉണ്ടെങ്കിൽ മാത്രമേ സ്നേഹമെന്ന വാക്കിന്നപ്പുറം എന്തോ ഉണ്ട് എന്ന് നമ്മെ ചിന്തിപ്പിക്കുവാൻ സാധിക്കുകയുള്ളൂ എന്നതാണ്.**

**" ഈ ലോകത്തു സഹോദര സ്നേഹത്താൽ വലുതാണ് അമ്മസ്നേഹം, അതിനു വിലയുണ്ടെങ്കിൽ സഹോദര സ്നേഹം മഹത്തരമാണ് ".**

**സ്നേഹമെന്നവാക്കിന്നപ്പുറം...!**

**അനന്തിത. എസ്**
**9. സി**



# മൃഗം

ഒരു ദിവസം ടീച്ചർ ക്ലാസ്സിൽ വന്നിട്ട് പറഞ്ഞു " ഇന്ന് നമുക്ക് മൃഗങ്ങളെക്കുറിച്ച് പഠിക്കാം."
"ഏതൊക്കെ മൃഗങ്ങളെ നിങ്ങൾക്ക് അറിയാം " ടീച്ചർ ചോദിച്ചു .
കുട്ടികൾ പറഞ്ഞു " സിംഹം" "കടുവ" "പുലി" "തത്ത"
അപ്പോൾ ടീച്ചർ പറഞ്ഞു " മക്കളെ തത്ത മൃഗമല്ല പക്ഷിയാ". ടീച്ചർ തുടർന്നു "അപ്പോൾ, ആദ്യം മൃഗം എന്നതുകൊണ്ടുദ്ദേശിക്കുന്നത് എന്തെന്ന് പറയാം. മൃഗം എന്നു വെച്ചാൽ പരസ്പരം വഴക്കിടുകയും കൊന്നു തിന്നുകയും ചെയ്യുന്ന ദയയില്ലത്ത ജീവികളെയാണ് മൃഗങ്ങൾ എന്നു വിളിക്കുന്നത്"
അപ്പോൾ ഒരു കുട്ടി എഴുന്നേറ്റ് നിന്നു ചോദിച്ചു "ലോകത്തിലെ ഏറ്റവും വലിയ മൃഗം മനുഷ്യൻ അല്ല "
അപ്പോൾ ടീച്ചറുൾപ്പടെ ക്ലാസ്സ് ഒരു നിമിഷത്തേക്ക് നിശബ്ദമായി.

**Adwaith-A**
**9c**



# പുഴ എന്ന ജീവൻ

..................................

നീരുറവകൾ വറ്റിവരളുന്നു.
പ്രാണവായുവിനായി പിടയുന്നു.

അറിയുന്നില്ലവർ എൻ്റെ വിഷമം.
അറിയുന്നു ഞാൻ നിങ്ങളുടെ ദുരിത ഭാവി.

മാറിമറയുന്നു എൻ്റെ ഈ ജീവിതം.
ഗതിയില്ലാതൊഴുകുന്നു നിങ്ങളെപ്പോലെ....

പുണരുന്നില്ല ഓർമ്മ തൻ ഓളങ്ങൾ.
പുത്തൻ പുഴയാണ് നന്മയില്ല...

എന്നിലുയർന്ന സംസ്കാര പാതയിൽ
മാലിന്യശാലകൾ പണിതു നിങ്ങൾ.

അറിയുമോ, വരും തലമുറയീ നൊമ്പരം.
ലഭിക്കുമോ അവർക്കാ സംസ്കാര തുള്ളികൾ...

ഒഴുകുന്നു ഞാനിപ്പോൾ പുഴയായല്ല,
എൻ്റെ ജീവൻ്റെ ചോരയായി.....

.....ഗൗരീമാധവ് എസ്സ്. ആർ.... 10 C



# Digital poster




Shawn
10C





Aadidev
10D




Muhammed Sinan
10C




Adinan
10C




Muhammed Shiras
10C




AROMAL.J
10D

# ഒരിക്കൽ കൂടി!..................

ആദ്യമായി അച്ഛന്റെയും  അമ്മയുടെയും കൂടെ ഈ വിദ്യാലയത്തിലെ പടി കയറിയപ്പോൾ വാവിട്ടു കരഞ്ഞു. ടൈംടേബിൾ നോക്കാനുള്ള മടി കൊണ്ട് പിന്നീട് എല്ലാ ദിവസവും എല്ലാ പുസ്തകവും ഞാൻ കൊണ്ടുപോകുമായിരുന്നു. പിന്നീട് കിട്ടിയ നല്ല സൗഹൃദങ്ങളും അവരോടൊപ്പമുള്ള ഓരോ നല്ല നിമിഷങ്ങളും ചിരിയും ചിന്തയും ഇഷ്ടവും പരിഭവവും പിണക്കങ്ങളും ഇണക്കങ്ങളും ഇനി വെറും ഓർമ്മകൾ മാത്രം. ക്ലാസുകൾ നടന്നത് മുൻ ബെഞ്ചിൽ എങ്കിലും കഥകൾ നടക്കുന്നത് ബാക്ക് ബെഞ്ചിൽ ആണ്.ആദ്യം വെറുത്ത ദിനങ്ങൾ പിന്നീട് കൊതിച്ച ദിനങ്ങൾ ഇപ്പോൾ ജീവിതത്തിൽ ഏറ്റവും കൊതിപ്പിക്കുന്ന ദിനങ്ങൾ ഇനി ഒരിക്കൽ കൂടെ കിട്ടാത്ത ദിനങ്ങൾ എന്റെ വിദ്യാലയം. ജീവിതത്തിൽ ഒരു കാലത്ത് പോകാൻ മടിച്ച ഇടനാഴികൾ ഇന്ന് പോകാൻ കൊതിക്കുന്ന ഓർമ്മകൾ ആയി

പൂജ. എസ്
10 C



## എങ്ങുപോയി ആ തണൽമരങ്ങൾ....?

സ്നേഹസമൃദിയായുള്ളയിയൂഴിയിൽ- കരുണയിലാണ്ടു ചിലർ ജീവിതനയത്താൽ സ്നേഹത്താലലുവുറ്റ കാലമെന്ദേ-
യിന്നനീതിയാൽ നിറഞ്ഞ ലോകമല്ലേ.. ! കുടിലതന്ത്രങ്ങളാൽ വസിക്കുമി മനുഷ്യർ;
വഞ്ചനയാൽ നിറഞ്ഞ ലോകമല്ലേ...! വൃദ്ധസദനങ്ങൾ കൂനയായുള്ളയിയൂഴിയിൽ -
വൃദ്ധരെ കാണുമാനെങ്ങു പോയി.
നാടിന്റെ സമൃദിയാൽ നയിക്കുന്ന മക്കൾക്ക്; വീടിന്റെ തണൽമരങ്ങൾ എങ്ങുപോയി..?
മക്കൾ തൻ വേരുകൾ പിഴുതെറിഞ്ഞതെപ്പോൾ
എന്തിനു പോയി ആ തണൽമരങ്ങൾ.. !
അന്യഷിപ്പിൻ ആരുമില്ലിൻ വൃദ്ധരെ- അവരാൽ മനംനൊന്തു കഴിയുമീ സദനത്തിൽ.
സ്നേഹം നൽകിയതിൻ പ്രതിഫലമായി -
മക്കൾ ചെയിതതെന്തോ...?
എങ്ങുപോയി ആ തണൽമരങ്ങൾ....
അവർ പുരാവസ്തുവായി തീർന്നതെപ്പോൾ
അവർ കടലായി, കനലായി മാറിയതെപ്പോൾ... !

-ഫർഹാന. എ





ഒരിടത്ത് ഒരു കഴുതയും കുതിരയും ഉണ്ടായിരുന്നു. അപ്പോൾ അവർക്ക് അഹങ്കാരിയായ ഒരു യജമാനൻ ഉണ്ടായിരുന്നു. അയാൾക്ക് ഒരു കുതിര കൂടി ഉണ്ടായിരുന്നു കുതിരകൾക്ക് പ്രേത്യക തൊഴുത്തം പല പല സൗകര്യങ്ങളും ഒക്കെ ആയിട്ട് നല്ല തൊഴുത്ത് ആരുന്നു .അതേ സമയം കഴുതക്ക് ഒരു  കൂറ മാത്രം ഉള്ള ഷെഡ്. പക്ഷെ ഈ കുതിരക്ക് ഒരു അനുസരണയും ഇല്ലായിരുന്നു  യജമാനനോട് ഒരു സ്നേഹവും ഇല്ലായിരുന്നു പക്ഷെ കഴുതകൾക്ക്  വലിയ ഇഷ്ടമാരുന്നു. എവിടെയെങ്കിലും പോയാൽ കുതിരയുടെ പുറത്ത് ഭാരമുള്ള ഒന്നും വെക്കില്ല പക്ഷെ കഴുതയുടെ പുറത്ത് ഭാരമുള്ള അനേകം വസ്തു വെക്കുമായിരുന്നു  അപ്പോൾ ഒരിക്കൽ കുതിരയും കഴുതയും യജമാനനുംകൂടി ഒരു യാത്ര പോയി അഞ്ചു ചാക്ക് അരി ഒരു സ്ഥലം വരെ എത്തിക്കണമായിരുന്നു അദ്ദേഹം അഞ്ചു ചാക്കും കഴുതയുടെ പുറത്ത് വെച്ചു. പാവം കഴുത നടക്കാൻ പോലും പാടായിരുന്നു. കുതിരയുടെ ദേഹത്തു യജമാനൻ ഇരുന്നു .അദ്ദേഹത്തിന് വലിയ ഭാരം ഇല്ല എന്നിട്ടുംകുതിര പാതി വഴിയിൽ നിന്നു. അപ്പോൾ കഴുതയും നിന്നു .  കഴുത ക്ഷീണിച്ചതു കൊണ്ടാണ് നിന്നത് .അപ്പോൾ അയാൾ ചാട്ടവാറ് കൊണ്ട്  കഴുതയെ ഉപദ്രവിച്ചു അത് കണ്ട് കുതിര അട്ടഹാസിച്ചു അപ്പോഴാണ് യജമാനൻ വെള്ളം കുടിക്കാൻ അടുത്തുള്ള ഒരു കായലിനെ അരികെ പോയത് അദ്ദേഹം വെള്ളം കുടിക്കുന്ന സമയത്ത് കാൽ വഴുതി കായലിൽ വീണു. അദ്ദേഹത്തിന് നീന്തൽ അറിയില്ല .കഴുത അതു കണ്ടു ഓടി രക്ഷിക്കാൻ ശ്രമങ്ങൾ നടത്തി .കുതിര അനങ്ങാതെ യജമാനൻ പോയ സമയം വിശ്രമിച്ചു .കഴുത രക്ഷിക്കാൻ സ്വന്തം ജീവനെ പോലും നോക്കാതെ ശ്രമിച്ചു.

ഈ കഥയിൽ നിന്ന് എന്ത് മനസിലായി .വലിപ്പവും സ്ഥാനവും നോക്കി ആരെയും സ്നേഹിക്കരുത്.

**Hiba**
10 D





# FREEDOM FEST




AROMAL.J
10D




SATHYAJITH.B.S
10D




AHIJ SUNIL
10D

# ശക്തിയേക്കാൾ വലുത് ബുദ്ധി

ഒരിക്കൽ ഒരു ആന ഉണ്ടായിരുന്നു .ഈ ആന കാട്ടിൽ വന്ന് മര കൊമ്പുകൾ തകർക്കാൻ തുടങ്ങി. അതിൽ ഒരു മരകൊമ്പിൽ ഒരു കിളിയും അതിന്റെ രണ്ട് മുട്ടയും ഉണ്ടായിരുന്നു. ആ മരകൊമ്പ് നശിപ്പിക്കാൻ ശ്രമിച്ചപോൾ ആ കിളി പറഞ്ഞു അയ്യോ ആനേ നശിപ്പികല്ലേ എന്റെ കുഞ്ഞുങ്ങൾ ഉണ്ട് അത് വിരിയാൻ കാത്തിരിക്കുകയായിരുന്നു ഞാൻ. അപോൾ ആന പറഞ്ഞു നിന്റെ കൂട് നശിച്ചാൽ എനിക്ക് എന്താ എന്ന് പറഞ്ഞ് ആന ആ കൂട് നശിപ്പിച്ചു .ഇത് സഹിക്കാൻ വയ്യാത്ത കിളി തന്റെ സുഹൃത്തുകളോട് പറഞ്ഞു . കിളിയുടെ സുഹൃത്തുകൾ രണ്ട് കാക്ക , ഉറുമ്പ് ,തവള എന്നിവരാണ് . ഉറുമ്പ് പറഞ്ഞു ആ ആനക്ക് ഒരു പണി കൊടുക്കണം അങ്ങനെ ആ ആന ഉള്ള കാട്ടിൽ പോയി . ആന ഉറങ്ങുകയായിരുന്നു. അപ്പോൾ ഉറുമ്പ് ആനയുടെ ചെവിയിൽ ശബ്ദം ഉണ്ടാക്കി. ഇത് സഹിക്കാൻ വയ്യാത്ത ആന ഞെട്ടി എഴുന്നേറ്റു. അപ്പോൾ രണ്ട് കാക്കയും വന്ന് ആന യുടെ രണ്ട് കണ്ണുകൾ കുത്തി പൊട്ടിച്ചു. ഒന്നും കാണാൻ പറ്റാതെ ആന മുന്നോട്ട് നടന്നു .അപ്പോൾ തവള ഒരു കുഴിയുടെ അറ്റത്ത് ഇരുന്ന് കരഞ്ഞു .അപ്പോൾ ആന കരുതി അത് പുഴയാണെനന്. അങ്ങനെ മുന്നോട്ട് നടന്നു .പക്ഷേ ആന കുഴിയിൽ വീണു മരിച്ചു പോയി.

അപ്പോൾ കിളിക്ക് ഒരു കാര്യം മനസ്സിലായി ശക്തിയേക്കാൾ വലുത് ബുദ്ധി ആണെന്ന്.



Amina .A
9A





# പഴഞ്ചൊല്ലുകൾ



അഴകുള്ള ചക്കയിൽ ചുളയില്ല

ആയിരം കോഴിക്കു അര കാട

ആകെ  മുങ്ങിയാൽ കുളിരില്ല

ആനക്കു പന ചക്കര

അരി എറിഞ്ഞാൽ ആയിരം കാക്ക

അന്നം മുട്ടിയാൽ എല്ലാം മുട്ടും

അപ്പം തിന്നാൽ പോരെ കുഴി എണ്ണണോ

കയ്യൂക്കുള്ളവൻ കാര്യക്കാരൻ

കരയുന്ന കുട്ടിക്കെ പാൽ ഉള്ളു

ഇല്ലായ്മ വന്നാലും വല്ലായ്മ അരുത്

ഉള്ള കഞ്ഞിയിലും പാറ്റ വീണു

ഒരു വെടിക്ക് രണ്ടു പക്ഷി

ഓണം വന്നാലും ഉണ്ണി  പിറന്നാലും കോരന്ന കുമ്പിളിൽ കഞ്ഞി

അമ്മയ്ക്കു പ്രാണവേദന മക്കൾക്ക് വീണ വായന

പയ്യ തിന്നാൽ പനയും തിന്നാം

പലതുള്ളി പെരുവെള്ളം

ഒത്തുപിടിച്ചാൽ മലയും പോരും

ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട

കക്കാൻ പഠിച്ചാൽ നിൽക്കാൻ പഠിക്കണം

Gourikrishna J
10 C




# MYSTERY OF SPACE

Space is the area outside of earth’s atmosphere. It includes planets, stars, asteroids, comets, black holes, and galaxies. Space is completely silent and there is no air, which is why astronauts need to wear spacesuits. Here are some interesting facts about space: Neutron stars can spin at a rate of 600 rotations per second. There are and uncountable number of stars in the known universe. The Apollo astronauts’ footprints on moon will probably stay there for at least 100 million years. Here are some articles about space and astronomy for kids: Frontiers for young minds as articles about new discoveries and core concepts. Science journal for kids has articles about topics such as how to predict bone loss in  astronauts and growing food in space. You can also introduce space to kids by starting with what they can see, such as the moon, sun, and stars. Books, videos, and art projects are all great tools for learning about outer space. The sun is so large that it could fit about 1.3 million Earths inside it. Venus is the hottest planet in solar system, with an average surface temperature of 462 C Saturn is not the only planet with ring. Jupiter, Uranus, and Neptune also have rings, but they are  much fainter and less visible. There is a planet called 55 Cancrie that is made mostly of diamond. The Milky Way galaxy, where our solar system is located, has ab
fa







[illegible]

1 * 1=2
11*11=121
111*111=12321
1111*1111=123454321

**12*9+3=111**
**123*9+4=1111**
**1234*9+5=11111**
**12345*9+6= 1111111**
**123456*9+7= 11111111**

ALIN FAISA
9D

# ചെറുമകൾ

ച്ചുണ്ടുകെളെങ്ങനെ
തോക്കുകളാക്കാം
പാട്ടുകെളെങ്ങനെ
വെടിയുണ്ടകളാക്കാം
"ഹെലിൻ ബോലെക്"
ഭരണകൂടത്തെ നി
പോയിൻറ് ബ്ലാങ്കിലാക്കിയത്
എത്ര പെട്ടെന്ന്
സമത്വവും ,നീതിയും ,
സ്വാതന്ത്ര്യവും ,അവകാശവും
രക്തസാക്ഷിയാകാൻ
നിനക്കെന്തു കാര്യം
ഉപ്പു വറ്റിച്ച്
പടിഞ്ഞാറിനെ വിറപ്പിച്ച
ഭാരതപുത്രന് തുർക്കിയിൽ
പിറന്ന ചെറുമകളോ നി
നാടോടിപ്പാട്ട്
പടച്ചട്ടയാക്കി നി
പോർ തെളിച്ചില്ലേ
മക്കൾക്കു വേണ്ടി
വെള്ളിടിപൊട്ടും
വാത്സാരി തകർക്കാൻ
വർഗ്ഗവെറിയുടെ
സ്ഫോടനങ്ങളെത്ര
കുഴിഞ്ഞ നിൻ കണ്ണിലെ
കയങ്ങൾ കണ്ടവർ
നടുങ്ങി വിറച്ചിട്ടുണ്ട്
നിശ്ചയം

നിൻ കവിളിലെ
തമോഗർത്തംകിനാവ് കണ്ടു
ഞെട്ടിവിറച്ചവർ സത്യം
ഇരക്ക് കവചമാം
ഈരടികളൊരോന്നും
ചരമഗീതമായലച്ചു
ഭരണകൂട കർണ്ണങ്ങളിൽ
ചോറ് തിന്നാതെ
വൃതമെടുത്തു (288 ദിവസം )
തലച്ചോറു നിറച്ചു
കൊയ്ത്തുപാട്ടിനാൽ
ശോഷിച്ച മേനിതൻ
കൊഴുപ്പു കൊണ്ട്
നെയ് വിളക്കായിരം
കൊളുത്തിയില്ലേ
നിന്നെ പാർപ്പിച്ചൊരാ
തടവറകളോരോന്നും
കോവിലുകളാകുമെന്നവർ
ഭയപെട്ടിരുന്നോ
ഹനിച്ചില്ലനിന്നെ
അവർ എന്തെന്നാൽ
ഭയപ്പെട്ടു മറ്റൊരു
ഉയർത്തെഴുന്നേൽപ്പ്
ഹൃത്തിലുണ്ടാകും
ജഗത്തുള്ളോരുകാലം
നീയും നിന്റെ
സമരസംഗീതവും


VENU.S
VYKASHI
MUZHANGODI
THODIYOOR P.O,
690523
KARUNAGAPPALLY
KOLLAM
9446944407

സമർപ്പണം...
തുർക്കി ഭരണകൂടത്തിനെതിരെ പോരാടിയ
നാടോടി പാട്ടുകാരി "ഹെലിൻ ബോലെക്" ന്

Know Helin Bolek



# *FRIENDSHIP*





*Once a time in a forest there two friends lived. A Nekky dog and Bunny rabbit. They used to live and play together. The bunny rabbit was very sporty and always won the game. The nikky dog used to feel bad and through that it was of no use. One day,it started winter heavily. The bunny rabbit was high spirits. He suddenly,lost his balance and fell in the hole. He called to help anyone, nikky dog hear the voice of bunny rabbit. Suddenly he ran to his friend, take a rop and troped in holl. Bunny rabbit catched the rop and climbed on its back and reached a safe place. The bunny rabbit was so happy and thank for god to gave a true friend. Bunny rabbit thanked his friend for saving his life.*

*BY*
*Sumi Subhash*
*9D*

# നന്ദി

ഗവ. എൽ. വി എച്ച്. എസ്സിലെ ലിറ്റിൽ കൈറ്റ്സ് പ്രതിഭകൾ തയ്യാറാക്കിയ സർഗം 24 മാഗസിന്റെ നിർമാണത്തിനായി എല്ലാവിധ പ്രോത്സാഹനവും നൽകി ശക്തി പകർന്ന തന്ന ഹെഡ്മാസ്റ്ററിനും സീനിയർ അസിസ്റ്റന്റിനും SITC യ്ക്കും സഹപ്രവർത്തകർക്കും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും നന്ദി ,........... നന്ദി....... നന്ദി

